**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2464** **17-03-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന ധനസ്ഥിതിയും കടമെടുപ്പ് പരിധിയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | null<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ധനസ്ഥിതിയെ സംബന്ധിച്ച ഏറ്റവും ഒടുവിലത്തെ വിശദാംശം വെളിപ്പെടുത്താമോ; ഇത് മുൻ വർഷത്തേക്കാൾ മോശമായ അവസ്ഥയിലാണോ; എങ്കിൽ കാരണങ്ങൾ വിശദമാക്കാമോ; | (എ) | നടപ്പ് സാമ്പത്തിക വർഷത്തെ (2021-2022) പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം ആകെ റവന്യൂ വരുമാനം 117888.16 കോടി രൂപയും, ആകെ ചെലവ് 164800.19 കോടി രൂപയും റവന്യൂ കമ്മി, ധനകമ്മി യഥാക്രമം 23176.05 കോടി രൂപയും, 37656.48 കോടി രൂപയുമാണ്. മുൻവർഷം RD/GSDP അനുപാതം 2.51% ആയിരുന്നത് ശമ്പള / പെൻഷൻ പരിഷ്കരണം നടപ്പിലാക്കിയ നടപ്പ് വർഷം ചെറിയ തോതിൽ വർദ്ധിച്ച് 2.57% ആകുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതേസമയം FD / GSDP അനുപാതം മുൻവർഷത്തെ 4.40% -ൽ നിന്നും 4.17% ആയി കുറയുമെന്നും പ്രതീക്ഷിക്കുന്നു. |
| (ബി) | നടപ്പുവർഷം കേന്ദ്രം അനുവദിച്ച കടം എടുക്കാനുള്ള പരിധി എത്രയാണ്; കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും മൊത്തം വാങ്ങിയ വായ്പകളിൽ എത്ര ശതമാനം തുക മൂലധനനിക്ഷേപത്തിനായി മാത്രം ഉപയോഗിക്കുകയുണ്ടായി; പ്രത്യുത്പാദനപരമല്ലാത്ത ആവശ്യങ്ങൾക്ക് ഉപയോഗിക്കേണ്ടി വന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ? | (ബി) | 15-ാം ധനകാര്യ കമ്മീഷൻ ശുപാർശയനുസരിച്ച് 2021-22 വർഷത്തേയ്ക്ക് കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നിശ്ചയിച്ച് നിൽകിയിട്ടുള്ള കടമെടുപ്പ് പരിധി ജി.എസ്.ഡി.പി –യുടെ (9,02,166 കോടി) 4% (36,087 കോടി) ആണ്. ഇതിന് പുറമേ, ഊർജ്ജ മേഖലയിലെ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിന് വിധേയമായി 0.50% അധിക വായ്പ സംസ്ഥാനത്തിന് ലഭ്യമാക്കുന്നതാണ്. വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. സഞ്ചിത നിധിയിൽ മറ്റു വരുമാനങ്ങൾ കൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി എത്ര വീതം വിനിയോഗിക്കപ്പെട്ടെന്ന് കൃത്യമായി വേർതിരിക്കാനാവില്ല. |

സെക്ഷൻ ഓഫീസർ